**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3213** **14-02-2024 - ൽ മറുപടിയ്ക്ക്**

**സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള രാജ്യാന്തര ചലച്ചിത്രമേളയിലേക്കു (IFFK) തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകുന്നുണ്ട്. രണ്ടു ലക്ഷം രൂപവീതം 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. മലയാള ചലച്ചിത്രമേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവ് പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലയാള ചലച്ചിത്രകലയുടെയും വ്യവസായത്തിന്റെയും വികാസപരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവഹിച്ചു വരുന്നു. മലയാള ചലച്ചിത്ര പൈതൃക സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി ആറു സിനിമകൾ ഇതിനകം ഡിജിറ്റൽ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട്.<br><br>സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ആദ്യത്തെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യമുള്ള ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ C-SPACE ൽ ഉൾപ്പെടുത്തി പ്രദർശനത്തിന് സജ്ജമാക്കും. കെ.എസ്.എഫ്.ഡി.സി നിർമ്മിക്കുന്ന ചലച്ചിത്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ ചിത്രത്തിനും ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. കൂടാതെ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ഒരു ഗ്രീവൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സിനിമ വ്യവസായത്തിലെ പ്രതിസന്ധികൾ പരിഹരിക്കുവാൻ ഉതകുന്ന വിധം സംസ്ഥാന സിനിമാനയം രൂപീകരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ അധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സാമൂഹിക പ്രതിബദ്ധതയുള്ള കൂടുതൽ സിനിമകൾ നിർമ്മിക്കുന്നതിനായി സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 6 കോടി രൂപ മുതൽ മുടക്കിൽ വനിതാ സംവിധായകരുടെ 2 ചിത്രങ്ങളും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ 2 ചിത്രങ്ങളും നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ ചലച്ചിത്ര മേഖലയുടെ വാണിജ്യ സാധ്യത വർദ്ധിപ്പിക്കുന്നതിനായി 28-ാമത് IFFK യുടെ ഭാഗമായി സിനി എക്സ്പോ, ഫിലിം മാർക്കറ്റ് എന്നിവ കെ.എസ്.എഫ്.ഡി.സി. സംഘടിപ്പിച്ചിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിനായി കിഫ്ബി ധനസഹായത്തോട് കൂടി ആധുനിക സിനിമാ നിർമ്മാണ ഉപകരണങ്ങൾ, മറ്റ് സജ്ജീകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോ പാക്കേജ് സ്കീമിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. |
| (സി) | ഈ മേഖലയുടെ സമഗ്ര വളർച്ചക്ക് സർക്കാർ തലത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | മലയാള സിനിമയുടെ സാങ്കേതിക രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, സിനിമറ്റോഗ്രഫി തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിലെ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പരിപാടി കൂടിയാണിത്. ബഹുജനസ്വാധീനമുള്ള മാധ്യമമായ സിനിമയിലൂടെ സ്ത്രീസമത്വം, സ്ത്രീശാക്തീകരണം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ചലച്ചിത്ര സംബന്ധിയായ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ "സമം" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരള സർക്കാരിന്റെ പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ചലച്ചിത്ര പഠന പരിശീലന പരിപാടി സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗോത്രവർഗ വിഭാഗങ്ങൾക്കായുള്ള ചലച്ചിത്ര പഠന പദ്ധതി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ സിനിമയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാർത്ഥികളെയും അധ്യാപകരെയും ഉൾപ്പെടുത്തി നാല് ദിവസം നീണ്ടു നിൽക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര ഗവേഷണോത്സവം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിനിമയുടെയും ടെലിവിഷന്റെയും നിർമ്മാണത്തിൽ പുതു സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരിചയപ്പെടുത്തുകയും (AR/VR) വീഡിയോകളുടെ പ്രൊഡക്ഷൻ നടത്തുകയും ചെയ്യുന്ന സാങ്കേതിക പരിശീലന പരിപാടികൾ ചലച്ചിത്ര, ടെലിവിഷൻ, മീഡിയ വിദ്യാർത്ഥികൾക്കായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>സിനിമയിലും ടെലിവിഷൻ പരസ്യ ചിത്രങ്ങളിലും വി.എഫ്.എക്സിന് പ്രാധാന്യം കൂടിവരുകയാണ്. നിലവിൽ വലിയ തൊഴിലവസരങ്ങളുള്ള സാങ്കേതിക രംഗമാണ് ഇതെങ്കിലും ഈ രംഗത്ത് തൊഴിൽ പരിചയമുള്ളവർ കുറവാണ്. ഈ മേഖലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് കരിയർ ഓറിയന്റേഷൻ നൽകുകയും ചലച്ചിത്ര രംഗത്തെയും ടെലിവിഷൻ പരസ്യരംഗത്തെയും സാധ്യതകൾ പരിചയപ്പെടുത്തുകയും ഈ മേഖലയിൽ സാങ്കേതിക പരിശീലനം നൽകുകയും ചെയ്യുന്നതിനുള്ള വിഷ്വൽ ഇഫക്ട്സ് സാങ്കേതിക പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>സിനിമാ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ ഉടമസ്ഥതയിൽ രാജ്യത്തെ ആദ്യത്തെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. സിനിമാ വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ആസ്ഥാനമാക്കി ഒരു അഡ്വാൻസ്ഡ് ഫിലിം മേക്കിംഗ് സെന്റർ രൂപീകരിക്കുന്നതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ